

ഡോ. മുഹമ്മദ് ഹമീദുല്ല

# ഹദീസുകൾ രേഖപ്പെടുത്തുന്നത് പ്രവാചകൻ വിലക്കിയോ?

**ഹദീസുകൾ** രേഖപ്പെടുത്തുന്നത് നബി(സ)യും ചില സ്വഹാബിമാരും വിലക്കിയതായി സൂചിപ്പിക്കുന്ന ചില ഹദീസുകളുണ്ട്. പ്രവാചകൻ പറയുന്നതായി അബൂ സഈദിൽ ഖുദ്രിയിൽനിന്ന് ഉദ്ധരിക്കപ്പെടുന്ന ഈ റിപ്പോർട്ടാണ് അക്കൂട്ടത്തിൽ പ്രധാനപ്പെട്ടത്: "ഖുർആനല്ലാതെ മറ്റൊന്നും എന്നിൽനിന്ന് എഴുതിയെടുക്കരുത്. ഖുർആനല്ലാതെ മറ്റു വല്ലതും എന്നിൽനിന്ന് എഴുതിയെടുത്തവൻ അത് മായ്ച്ചുകളയട്ടെ" (അഹ്മദ്, ദാരിമി, അൽഖത്വീബുൽ ബഗ്ദാദിയുടെ *തഖ്‌യീദുൽ ഇൽമ്*). ഈ ഹദീസ് അബൂഹുറയ്റയിൽനിന്നും ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. അബൂ സഈദിൽ ഖുദ്രിയിൽനിന്ന് ഉദ്ധരിക്കപ്പെടുന്ന മറ്റൊരു ഹദീസ് ഇങ്ങനെയാണ്: "ഹദീസ് രേഖപ്പെടുത്തിവെക്കാൻ ഞാൻ പ്രവാചകനോട് അനുവാദം ചോദിച്ചു. പക്ഷേ അദ്ദേഹം വിസമ്മതിച്ചു" (തിർമിദി). "പ്രവാചകനിൽനിന്ന് എഴുതിയെടുക്കാൻ ചിലർ അദ്ദേഹത്തിന്റെ അംഗീകാരം അഭ്യർഥിച്ചു. പക്ഷേ അദ്ദേഹം വിസമ്മതിച്ചു" എന്നാണ് *സുനനുദ്ദാരിമി*യിലുള്ളത്. അബൂ സഈദിൽ ഖുദ്രിയിൽനിന്നുതന്നെ ഉദ്ധരിക്കപ്പെടുന്ന മറ്റൊരു ഹദീസ് അനുകൂല സ്വഭാവത്തിലുള്ളതാണ്: "ഖുർആനും തശഹ്ഹുദുമല്ലാതെ മറ്റൊന്നും ഞങ്ങൾ എഴുതിയെടുത്തിരുന്നില്ല" (അബൂദാവൂദ്). നമസ്കാരത്തിന്റെ അവസാനത്തിലുള്ള തശഹ്ഹുദ് ഖുർആനിലുള്ളതല്ല. പ്രവാചകൻ നിർദേശിച്ചതായതിനാൽ അത് ഹദീസാണ്. "തന്റെ ഹദീസുകളൊന്നും എഴുതിയെടുക്കരുതെന്ന് റസൂൽ(സ) ഞങ്ങളോട് കൽപിച്ചു'' എന്ന സൈദുബ്നു സാബിതിന്റെ ഒരു വചനവുമുണ്ട്.




സാഹചര്യം പരിശോധിക്കാതെ വാചകം മാത്രം കണക്കിലെടുത്താൽ ചിലപ്പോൾ പല അനർഥങ്ങളുമുണ്ടായെന്നു വരും. ഈ റിപ്പോർട്ടുകളിൽ സന്ദർഭം വിവരിക്കുന്നില്ലെങ്കിലും അബൂഹുറയ്റയെ കുറിച്ച പരാമർശമുള്ളതിനാൽ ഏതു കാലത്താണ് ഈ ഉത്തരവ് നൽകുന്നതെന്ന സൂചന ലഭ്യമാണ്. ഹിജ്റ ഏഴാം വർഷം

ഖൈബർ യുദ്ധസമയത്താണ് അബൂഹുറയ്റ ഇസ്‌ലാമാശ്ലേഷിക്കുന്നത്. അദ്ദേഹം യമനിൽനിന്ന് എത്തിയ ഉടനെയായിരുന്നു അത്. അബൂസഈദിൽ ഖുദ്‌രിയും സൈദുബ്നു സാബിതും ഹിജ്റ മൂന്നാം വർഷം ഉഹുദ്‌യുദ്ധത്തിൽ പങ്കെടുക്കാൻ തയാറായതും അവരുടെ പ്രായക്കുറവ് കാരണം റസൂൽ(സ) അത് നിരാകരിച്ചതും അറിയപ്പെട്ട സംഗതിയാണ്. പത്തിനും പന്ത്രണ്ടിനുമിടയിലായിരുന്നു അന്നവരുടെ പ്രായം. അബൂഹുറയ്റ റിപ്പോർട്ട് ചെയ്ത മറ്റൊരു സംഭവം ഈ വിഷയത്തിലേക്ക് കൂടുതൽ വെളിച്ചം വീശുന്നുണ്ട്. അദ്ദേഹം പറയുന്നു: “റസൂൽ(സ) ഒരു ദിവസം തന്റെ മുറിയിൽനിന്ന് പുറത്തുവന്നപ്പോൾ ഞങ്ങൾ തിരക്കിട്ട് ഹദീസ് എഴുതിക്കൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹം ചോദിച്ചു: ‘എന്താണ് നിങ്ങൾ എഴുതിക്കൊണ്ടിരിക്കുന്നത്?’ ഞങ്ങൾ പറഞ്ഞു: ‘അങ്ങയിൽനിന്ന് കേൾക്കുന്ന ഹദീസ്.’ അപ്പോൾ അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റേതല്ലാത്ത മറ്റൊരു ഗ്രന്ഥം ആഗ്രഹിക്കുകയാണോ നിങ്ങൾ? അല്ലാഹുവിന്റെ ഗ്രന്ഥത്തിനു പുറമെ (മതസംബന്ധമായി) മറ്റു ഗ്രന്ഥങ്ങൾ എഴുതിയതുകൊണ്ടല്ലാതെ നിങ്ങൾക്കു മുമ്പുള്ള ജനതകൾ പിഴച്ചുപോയിട്ടില്ല”. മറ്റൊരു റിപ്പോർട്ടിൽ ഇത്ര കൂടിയുണ്ട്: “അബൂഹുറയ്റ കൂട്ടിച്ചേർത്തു: തുടർന്ന് ആ എഴുത്തുകളെല്ലാം ഞങ്ങൾ തുറസ്സായ സ്ഥലത്ത് കൂട്ടിയിട്ട് തീയിട്ടു”. മറ്റൊരു റിപ്പോർട്ടിലെ പ്രവാചകവചനം ഇങ്ങനെയാണ്: “അല്ലാഹുവിന്റെ ഗ്രന്ഥത്തോടൊപ്പം സൂക്ഷിക്കാൻ മറ്റൊരു ഗ്രന്ഥമോ! അല്ലാഹുവിന്റെ ഗ്രന്ഥം പരിശുദ്ധമായി നിലനിർത്തുക. അത് കലർപ്പില്ലാതിരിക്കട്ടെ.” തഖ്‌യീദുൽ ഇൽമിലും മുസ്നദ് അഹ്മദിലും ഈ റിപ്പോർട്ടുകൾ കാണാം. ഇവയുടെ നിവേദകപരമ്പരയിലെ അബ്ദുർറഹ്മാനുബ്നു സൈദ് ദുർബലനായാണ് കണക്കാക്കപ്പെടുന്നത്. ഇദ്ദേഹം ഉൾപ്പെട്ട നിവേദകപരമ്പരയിലൂടെ അബൂ ഹുറയ്റയിൽനിന്ന് ഉദ്ധരിക്കപ്പെടുന്ന മറ്റൊരു റിപ്പോർട്ട് കൂടിയുണ്ട്. അതിൽ ഇങ്ങനെ പറയുന്നു: “തന്റെ വചനങ്ങൾ ചിലയാളുകൾ രേഖപ്പെടുത്തിവെച്ചതായി നബി(സ) കേട്ടു. തുടർന്ന് അദ്ദേഹം മിമ്പറിൽ കയറി. അല്ലാഹുവിനെ സ്തുതിച്ച ശേഷം പറഞ്ഞു: നിങ്ങൾ എഴുതുന്നതായി ഞാൻ മനസ്സിലാക്കുന്ന ഈ ഗ്രന്ഥങ്ങൾ എന്താണ്? ഞാനൊരു മനുഷ്യനാണ്. ആരുടെയെങ്കിലുമടുത്ത് അത്തരത്തിലുള്ള വല്ലതുമുണ്ടെങ്കിൽ കൊണ്ടുവരണം”.

ഹിജ്റ 7-ാം വർഷമോ അൽപം കഴിഞ്ഞോ പ്രവാചകൻ സുപ്രധാനവും അസാധാരണവുമായ ഒരു പ്രസംഗം നടത്തിയതായി ഈ റിപ്പോർട്ടുകളിൽനിന്ന് മനസ്സിലാകുന്നു. ഇസ്‌ലാമിന്റെ ഭാവി വിജയങ്ങളെക്കുറിച്ച പ്രവചനങ്ങളായിരുന്നിരിക്കാം അത്. തൊട്ടുമുമ്പ് യമനിൽനിന്ന് ഒരു കപ്പൽ നിറയെ ആളുകൾ വന്ന് ഇസ്‌ലാം സ്വീകരിച്ചിരുന്നു. തങ്ങളുടെ നാട്ടിൽ നിലനിൽക്കുന്ന ഇസ്‌ലാംവിരോധത്തെയും അരക്ഷിതാവസ്ഥയെയും കുറിച്ച് അവർ ആവലാതി പറഞ്ഞു. അപ്പോൾ പ്രവാചകൻ യമൻകാരുടെ ഉത്സാഹത്തെ പുകഴ്ത്തുകയും യമനും മറ്റു രാജ്യങ്ങളും ഇസ്‌ലാമിക രാഷ്ട്രത്തിന്റെ ഭാഗമാകുമെന്ന് സൂചിപ്പിക്കുകയും ചെയ്തു. ഈ യമനികളിൽ ചിലർക്ക് എഴുതാനും വായിക്കാനും അറിയാമായിരുന്നു. അവർക്ക് പഠിക്കാനും മനഃപാഠമാക്കാനും ചില ഖുർആൻ അധ്യായങ്ങൾ രേഖപ്പെടുത്തിയ ലിഖിതങ്ങൾ നൽകിയിരുന്നു. നബി(സ)യുടെ പ്രസ്തുത പ്രസംഗം കേട്ടപ്പോൾ ഇവരിൽ ചിലർ കൈവശമുണ്ടായിരുന്ന ഖുർആൻ അധ്യായങ്ങൾ രേഖപ്പെടുത്തിയ ലിഖിതങ്ങളുടെ ഒഴിഞ്ഞ ഭാഗങ്ങളിൽ ആ പ്രസംഗം കൂടി എഴുതിവെച്ചു. അപ്പോഴായിരിക്കണം പ്രവാചകൻ ‘അല്ലാഹുവിന്റെ ഗ്രന്ഥം പരിശുദ്ധമായി നിലനിർത്തുക. അത് കലർപ്പില്ലാതിരിക്കട്ടെ’ എന്ന കൽപന നൽകിയത്. ‘മറ്റെല്ലാം നീക്കം ചെയ്ത് ഖുർആൻ കാത്തുസൂക്ഷിക്കുക’ എന്ന ഖലീഫാ ഉമറിന്റെ പ്രസ്താവനയുടെ സന്ദർഭവും ഇതിനു സമാനമാണ് (ഇബ്നു സഅ്ദ്, ത്വബഖാത്ത്). ഈ നവമുസ്‌ലിംകൾ ഒരേ ഭാഷയിലുള്ള ഖുർആൻ സൂക്തങ്ങളും പ്രവാചകവചനങ്ങളും കൂട്ടിക്കലർത്തുമോ എന്ന ആശങ്ക തികച്ചും സ്വാഭാവികമായിരുന്നു.

പ്രവചനസ്വഭാവത്തിലുള്ള പ്രവാചകവചനങ്ങൾ രേഖപ്പെടുത്തുന്നതിനാണ് വിലക്ക് ഏർപ്പെടുത്തിയതെന്ന് കരുതുക

**വിട്ടുവീഴ്ചയില്ലാത്ത ധാർമികനിഷ്ഠയുടെ പേരിൽ അറിയപ്പെട്ടയാളാണ് അബൂഹുറയ്റ. പ്രവാചകവചനങ്ങൾ അവയുടെ അക്ഷരാർഥത്തിലെടുത്തു പോലും പാലിക്കാൻ അദ്ദേഹം കർശന നിഷ്ഠ പുലർത്തിയിരുന്നു. ഹദീസ് രേഖപ്പെടുത്തുന്നതിന് പ്രവാചകൻ ഏർപ്പെടുത്തിയ വിലക്ക് ഔദ്യോഗികവും ശാശ്വതവും പ്രത്യേക സന്ദർഭത്തിലോ താൽക്കാലികമോ അല്ലാതെ എല്ലാ സമയത്തേക്കും ബാധകവുമായിരുന്നുവെങ്കിൽ അബൂഹുറയ്റയെ പോലൊരാൾ ഒന്നിനു പിറകെ ഒന്നായി കുറേ ഹദീസ് ഗ്രന്ഥങ്ങൾ രചിക്കുന്നത് ചിന്തിക്കാൻ പോലും കഴിയില്ല. ഇബ്നു അബ്ബാസിന്റെ കാര്യവും ഇതുപോലെത്തന്നെയാണ്. പ്രവാചകന്റെ കാലത്ത് ചെറുപ്പക്കാരായ കുട്ടികളിൽ പെട്ട ഒരാളായിരുന്നു അദ്ദേഹം. ഹദീസ് എഴുതിവെക്കാൻ പാടില്ലെന്ന അഭിപ്രായം അദ്ദേഹത്തിൽനിന്നും ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ അദ്ദേഹമാകട്ടെ ഹദീസുകൾ സമാഹരിച്ച് പുസ്തകങ്ങളാക്കുന്നതിൽ മറ്റെല്ലാവരെയും കവച്ചുവെക്കുകയും ചെയ്തു.**



യാണെങ്കിൽ ഈ വിഷയത്തിൽ കൂടുതൽ വ്യക്തത ലഭിക്കും. പ്രവാചകന് അദൃശ്യലോകത്ത് കാണിക്കപ്പെടുന്ന, ഭാവിയെക്കുറിച്ച അല്ലാഹുവിന്റെ മുന്നറിവുകളുമായി ബന്ധപ്പെട്ട കാര്യങ്ങൾ സാധാരണ ജനങ്ങളെയും അപ്പടി അറിയിക്കുകയാണെങ്കിൽ അവർ കർമോത്സുകത നഷ്ടപ്പെട്ട് ദൈവവിധി പ്രതീക്ഷിച്ചു കഴിയാൻ തുടങ്ങും. ഇതിനു പുറമെ ദൈവികവെളിപാടുകളും ദൈവികവിധികളുടെ അഭൗതികലോകത്തേക്ക് ആത്മാവിന്റെ കണ്ണുകൊണ്ട് ദൃഷ്ടിയൂന്നുന്നതും തമ്മിലും വ്യത്യാസമുണ്ട്. എല്ലാവർക്കുമത് ഗ്രഹിക്കാൻ കഴിയില്ല. അഭൗതികലോകത്ത് പ്രവാചകൻ കാണുന്ന കാര്യങ്ങൾ സത്യം തന്നെയാണെന്നതിൽ സംശയമില്ല. എങ്കിലും അവ അക്ഷരാർഥത്തിലെടുക്കാൻ പറ്റില്ല. സ്വപ്നത്തിൽ ദർശിക്കുന്ന സവിശേഷ അർഥവും ഗുപ്തമായ പൊരുളുമുള്ള സംഗതികൾ പോലെ ഇവക്കും വ്യാഖ്യാനങ്ങളും പ്രവചനങ്ങളും ആവശ്യമാണ്.




ഈ നിഗമനത്തെ ബലപ്പെടുത്തുന്ന മറ്റൊരു വസ്തുത കൂടിയുണ്ട്. ഹദീസ് രേഖപ്പെടുത്തുന്നത് വിലക്കുന്ന നബിവചനം റിപ്പോർട്ട് ചെയ്ത അബൂഹുറയ്റ തന്നെ ഹദീസുകൾ രേഖപ്പെടുത്തി ധാരാളം ഗ്രന്ഥങ്ങൾ തയാറാക്കിയിട്ടുണ്ട് എന്നതാണത്. വിട്ടുവീഴ്ചയില്ലാത്ത ധാർമികനിഷ്ഠയുടെ പേരിൽ അറിയപ്പെട്ടയാളാണ് അബൂഹുറയ്റ. പ്രവാചകവചനങ്ങൾ അവയുടെ അക്ഷരാർഥത്തിലെടുത്തു പോലും പാലിക്കാൻ അദ്ദേഹം കർശന നിഷ്ഠ പുലർത്തിയിരുന്നു. ഹദീസ് രേഖപ്പെടുത്തുന്നതിന് പ്രവാചകൻ ഏർപ്പെടുത്തിയ വിലക്ക് ഔദ്യോഗികവും ശാശ്വതവും പ്രത്യേക സന്ദർഭത്തിലോ താൽക്കാലികമോ അല്ലാതെ എല്ലാ സമയത്തേക്കും ബാധകവുമായിരുന്നുവെങ്കിൽ അബൂഹുറയ്റയെ പോലൊരാൾ ഒന്നിനു പിറകെ ഒന്നായി കുറേ ഹദീസ് ഗ്രന്ഥങ്ങൾ രചിക്കുന്നത് ചിന്തിക്കാൻ പോലും കഴിയില്ല.

ഇബ്നു അബ്ബാസിന്റെ കാര്യവും ഇതുപോലെത്തന്നെയാണ്. പ്രവാചകന്റെ കാലത്ത് ചെറുപ്പക്കാരായ കുട്ടികളിൽ പെട്ട ഒരാളായിരുന്നു അദ്ദേഹം. ഹദീസ് എഴുതിവെക്കാൻ പാടില്ലെന്ന അഭിപ്രായം അദ്ദേഹത്തിൽനിന്നും ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ അദ്ദേഹമാകട്ടെ ഹദീസുകൾ സമാഹരിച്ച് പുസ്തകങ്ങളാക്കുന്നതിൽ മറ്റെല്ലാവരെയും കവച്ചുവെക്കുകയും ചെയ്തു.

ഇസ്‌ലാം പഠനത്തിനു നൽകിയ പ്രചോദനത്തിലൂടെ മുസ്‌ലിംകളായ അറബികളിൽ അക്ഷരപ്രേമം തുടങ്ങിയിട്ടേ ഉണ്ടായിരുന്നുള്ളൂ. അറബിഭാഷയിൽ ആദ്യമായി സമാഹരിച്ച് ഗ്രന്ഥമാക്കിയ ആദ്യത്തെ ഗദ്യരൂപമായിരുന്നു ഖുർആൻ. പ്രവാചകന്റെ വചനങ്ങളും അറബിയിൽ തന്നെയായിരുന്നല്ലോ. ഖുർആന്റെ അവതരണം നടന്നുകൊണ്ടിരുന്ന കാലമായിരുന്നു അത്. അറബികൾ ഇസ്‌ലാം സ്വീകരിച്ചുവരുന്നേയുണ്ടായിരുന്നുള്ളൂ. ഖുർആൻ അവരുടെ മനസ്സിൽ പൂർണമായും ആണ്ടിറങ്ങിയിരുന്നില്ല. അതിനാൽ ഖുർആൻ സൂക്തങ്ങൾ മറ്റു എഴുത്തുകളുമായി കൂട്ടിക്കലർത്തുകയാണെങ്കിൽ ഇന്നത്തെ പോലെ വളരെ വേഗം വേർതിരിച്ചറിയാൻ സാധിക്കുമായിരുന്നില്ല.

**ഹദീസുകൾ രേഖപ്പെടുത്തിവെക്കുന്നത് വിലക്കുന്ന ഹദീസുകളുള്ളതുപോലെ ത്തന്നെ അതിന് അംഗീകാരം നൽകുന്ന ഹദീസുകളുമുണ്ട്. പ്രവാചകൻ മദീനാരാഷ്ട്രത്തിന്റെ അതിർത്തികൾ നിർണയിച്ച് രേഖയാക്കി വെച്ചിരുന്നു. റാഫിഉബ്നു ഖദീജാണ് ആ രേഖ സൂക്ഷിച്ചിരുന്നത്. ഇതേ സ്വഹാബി റിപ്പോർട്ട് ചെയ്യുന്നു: ഞങ്ങൾ പറഞ്ഞു: "ദൈവദൂതരേ, അങ്ങയിൽനിന്ന് ഞങ്ങൾ ധാരാളം കാര്യങ്ങൾ കേൾക്കുന്നു. ഞങ്ങൾ അവ രേഖപ്പെടുത്തിവെക്കട്ടെ?" അവിടുന്ന് പറഞ്ഞു: "നിങ്ങൾ അവ രേഖപ്പെടുത്തുക. അതിൽ യാതൊരു കുഴപ്പവുമില്ല".**

അക്കാലത്ത് കൈയെഴുത്തും പൊതുവെ വികാസം പ്രാപിച്ചിട്ടില്ലായിരുന്നുവെന്ന് മനസ്സിലാക്കാം. യമനിലുള്ളവർക്ക് അന്ന് അറബിലിപി അറിയാമായിരുന്നോ എന്നും സംശയമാണ്. അബ്റഹത്തിന്റെ ശിലാശാസനങ്ങളെല്ലാം മുസ്നദ് ലിപിയിലോ ഹിംയരീ ലിപിയിലോ ആണ്. അബൂഹുറയ്റ മദീനയിൽ വരുമ്പോൾ അദ്ദേഹത്തിന് അറബി എഴുതാൻ അറിയുമായിരുന്നോ? മദീനയിലെ ജൂതന്മാരാണ് അറബിക്കുട്ടികളെ എഴുത്ത് പഠിപ്പിച്ചിരുന്നതെന്ന ചില ചരിത്ര പരാമർശങ്ങളുണ്ട്. അബൂസഈദിൽ ഖുദ്‌രിക്കും സൈദുബ്നു സാബിത്തിനും ആദ്യം ഹീബ്രു ലിപി മാത്രമേ അറിയുമായിരുന്നുള്ളൂവെന്ന സാധ്യതയുമില്ലേ? അങ്ങനെയെങ്കിൽ അവർ അക്കാലത്ത് ഹീബ്രു ലിപിയിലായിരിക്കും അറബി എഴുതിയിരുന്നത്. മദീനയിൽ അറബി ലിപി പ്രചരിച്ചത് ബദ്ർയുദ്ധശേഷമാകാനും സാധ്യതയുണ്ട്. മദീനയിലെ മുസ്‌ലിംകുട്ടികളെ എഴുത്ത് പഠിപ്പിക്കാമെന്ന ഉപാധിയിന്മേൽ ബദ്റിലെ യുദ്ധത്തടവുകാർ മോചിതരാവുകയുണ്ടായല്ലോ.

ഖുർആന്റെ സമഗ്രതയും കൃത്യതയും നിലനിർത്താൻ സാഹചര്യങ്ങൾക്കും സന്ദർഭങ്ങൾക്കുമനുസരിച്ച മുൻകരുതൽ നടപടികൾ പ്രവാചകൻ സ്വീകരിച്ചിരിക്കും. അവ പക്ഷേ, അവയുടെ സ്വഭാവം കൊണ്ടുതന്നെ താൽക്കാലിക നടപടികൾ മാത്രമായിരുന്നു.

ഹദീസുകൾ രേഖപ്പെടുത്തിവെക്കുന്നത് വിലക്കുന്ന ഹദീസുകളുള്ളതുപോലെത്തന്നെ അതിന് അംഗീകാരം

> **ഹദീസുകൾ രേഖപ്പെടുത്തി വെക്കുന്നതിന് അനുകൂലവും പ്രതികൂലവുമായ പ്രവാചകകൽപനകൾ സ്വഹാബിമാരെ ആശയക്കുഴപ്പത്തിലാക്കിയിട്ടില്ലെന്നിരിക്കെ, നമ്മെയും അവ ആശയക്കുഴപ്പത്തിലാക്കേണ്ടതില്ല. ഓരോന്നിന്റെയും സന്ദർഭം കൂടി പരിശോധിക്കണം. സത്യം കണ്ടെത്തുക മാത്രമായിരിക്കണം ലക്ഷ്യം. ഹദീസ് രേഖപ്പെടുത്തുന്നതിനെതിരെയുള്ള പ്രവാചകന്റെ വിലക്ക് നിരുപാധികവും എല്ലായ്പ്പോഴും ബാധകവുമായിരുന്നുവെങ്കിൽ പ്രവാചകന്റെ സന്തത സഹചാരികളായിരുന്ന അബൂബക്റും ഉമറും അത് അറിയാതെ പോകുമായിരുന്നില്ല.**

നൽകുന്ന ഹദീസുകളുമുണ്ട്. പ്രവാചകൻ മദീനാരാഷ്ട്രത്തിന്റെ അതിർത്തികൾ നിർണയിച്ച് രേഖയാക്കി വെച്ചിരുന്നു. റാഫിഉബ്നു ഖദീജാണ് ആ രേഖ സൂക്ഷിച്ചിരുന്നത്. ഇതേ സ്വഹാബി റിപ്പോർട്ട് ചെയ്യുന്നു: ഞങ്ങൾ പറഞ്ഞു: "ദൈവദൂതരേ, അങ്ങയിൽനിന്ന് ഞങ്ങൾ ധാരാളം കാര്യങ്ങൾ കേൾക്കുന്നു. ഞങ്ങൾ അവ രേഖപ്പെടുത്തിവെക്കട്ടെ?" അവിടുന്ന് പറഞ്ഞു: "നിങ്ങൾ അവ രേഖപ്പെടുത്തുക. അതിൽ യാതൊരു കുഴപ്പവുമില്ല" (അൽ ഖത്വീബുൽ ബഗ്ദാദി).

അബ്ദുല്ലാഹിബ്നു അംറുബ്നിൽ ആസ് ഹദീസുകൾ രേഖപ്പെടുത്തിയിരുന്നു. ഹദീസുകൾ രേഖപ്പെടുത്താൻ ആരംഭിച്ചത് എങ്ങനെയാണെന്ന് അദ്ദേഹം ഇപ്രകാരം വിവരിക്കുന്നു: "ഞങ്ങൾ പ്രവാചകന്റെ അടുത്ത് ചെന്നു ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, അങ്ങ് പറയുന്നത് മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കാൻ ഞാൻ ഉദ്ദേശിക്കുന്നു. അതിനാൽ എന്റെ മനസ്സിന്റെയും ഒപ്പം എന്റെ കൈയെഴുത്തിന്റെയും സഹായം തേടാൻ ഞാൻ ഉദ്ദേശിക്കുന്നു; അങ്ങയുടെ അഭിപ്രായവും അതുതന്നെയാണെങ്കിൽ." പ്രവാചകൻ പറഞ്ഞു: "അങ്ങനെയെങ്കിൽ എന്റെ ഹദീസ് മനഃപാഠമാക്കിക്കൊള്ളുക. അതിനു ശേഷം താങ്കളുടെ മനസ്സിനോടൊപ്പം കൈയിന്റെ സഹായവും തേടിക്കൊള്ളുക" (ദാരിമി).

വ്യാജമോ അബദ്ധമോ പ്രവാചകനിലേക്ക് ചേർത്തുപറയാൻ ഇടയായിക്കൂടാ എന്നതാണ് ഇവയിലെല്ലാം അടങ്ങിയിരിക്കുന്ന ആശയം. ഒരു വചനം മനഃപാഠമാക്കുകയോ രേഖപ്പെടുത്തുകയോ ചെയ്യുമ്പോൾ അതിൽ മറവി പറ്റാനും തെറ്റു പറ്റാനും സാധ്യതയുണ്ട്. ഇത്തരത്തിലുള്ള തെറ്റുകൾ ഒഴിവാക്കാൻ മനുഷ്യസാധ്യമായ മാർഗം ഒരേസമയം ഈ രണ്ടു രീതികളും അവലംബിക്കുക എന്നതാണ്. അങ്ങനെയാവുമ്പോൾ ഒന്നിൽ തെറ്റ് സംഭവിച്ചാൽ മറ്റേതിന്റെ സഹായത്തോടെ തിരുത്താൻ സാധിക്കും. പുതുതായി എഴുതിയുണ്ടാക്കുന്ന കോപ്പി മൂലരേഖയുമായി അതിന്റെ രചയിതാവിന്റെയോ അംഗീകൃത സ്പെഷലിസ്റ്റിന്റെയോ സാന്നിധ്യത്തിൽ ഒത്തുനോക്കുകയാണ് മറ്റൊരു മുൻകരുതൽ നടപടി. വളരെ മുമ്പ്, സ്വഹാബിമാരുടെ കാലത്തുതന്നെ ഈ രീതിയുടെ പ്രാധാന്യം അംഗീകരിക്കപ്പെട്ടിരുന്നു. ഹിശാമുബ്നു ഉർവ പറയുന്നു: എന്റെ പിതാവ് എന്നോട് ചോദിച്ചു: 'നീ പകർത്തിയെഴുതിക്കഴിഞ്ഞോ?' ഞാൻ പറഞ്ഞു: 'അതേ.' അദ്ദേഹം തുടർന്നു: 'നീ ഒത്തുനോക്കുകയും ചെയ്തോ?' ഞാൻ പറഞ്ഞു: 'ഇല്ല.' അപ്പോൾ അദ്ദേഹം പറഞ്ഞു: 'എങ്കിൽ നീ അത് പകർത്തിയെഴുതിയിട്ടില്ലാത്തതുപോലെത്തന്നെയാണ്' (അൽ ഖത്വീബുൽ ബഗ്ദാദി, അൽ കിഫായ).

ഈ ചർച്ചക്ക് ഇബ്നുൽ ഖയ്യിം സാങ്കേതികമായ ഒരു മറുപടി നൽകുന്നുണ്ട്: 'ഹദീസുകൾ രേഖപ്പെടുത്തി വെക്കുന്നത് പ്രവാചകൻ വിലക്കിയെന്നു പറയുന്ന ചില പ്രബല ഹദീസുകളും രേഖപ്പെടുത്തുന്നത് അനുവദിച്ചതായി പറയുന്ന മറ്റു ചില പ്രബല ഹദീസുകളുമുണ്ടെന്നത് സത്യമാണ്. എങ്കിലും അംഗീകാരം നൽകുന്നവയാണ് ഒടുവിലത്തേത്. അതിനാൽ വിലക്കിന്റെ ഹദീസുകളെ അവ റദ്ദ് ചെയ്യുന്നു.'

ഹദീസുകൾ രേഖപ്പെടുത്തി വെക്കുന്നതിന് അനുകൂലവും പ്രതികൂലവുമായ പ്രവാചകകൽപനകൾ സ്വഹാബിമാരെ ആശയക്കുഴപ്പത്തിലാക്കിയിട്ടില്ലെന്നിരിക്കെ, നമ്മെയും അവ ആശയക്കുഴപ്പത്തിലാക്കേണ്ടതില്ല. ഓരോന്നിന്റെയും സന്ദർഭം കൂടി പരിശോധിക്കണം. സത്യം കണ്ടെത്തുക മാത്രമായിരിക്കണം ലക്ഷ്യം. ഹദീസ് രേഖപ്പെടുത്തുന്നതിനെതിരെയുള്ള പ്രവാചകന്റെ വിലക്ക് നിരുപാധികവും എല്ലായ്പ്പോഴും ബാധകവുമായിരുന്നുവെങ്കിൽ പ്രവാചകന്റെ സന്തത സഹചാരികളായിരുന്ന അബൂബക്റും ഉമറും അത് അറിയാതെ പോകുമായിരുന്നില്ല. അബൂബക്ർ ഹദീസുകൾ ക്രോഡീകരിച്ച് ഗ്രന്ഥമാക്കുകയും ഉമർ അതിനൊരുങ്ങുകയും ചെയ്തുവെന്ന് തെളിഞ്ഞിട്ടുണ്ട്. പിന്നീട് അബൂബക്ർ തന്റെ സമാഹാരം കത്തിച്ചുകളയുകയും ഉമർ മുൻ തീരുമാനം മാറ്റുകയും ചെയ്തുവെങ്കിലും അത് പ്രവാചകന്റെ നിർദേശ പ്രകാരമായിരുന്നില്ല. ഹദീസ് രേഖപ്പെടുത്തുന്നതിനുള്ള വിലക്ക് എല്ലാവർക്കും എപ്പോഴും ബാധകമായിരുന്നില്ലെന്നതിന്റെ മറ്റൊരു തെളിവാണിത്. ■

(An Introduction to the Conservation of Hadith-ൽനിന്ന്)